**"ഭരണഭാഷ- മാതൃഭാഷ"**

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായ ശ്രീമതി.റജീന.റ്റി.എം(റിസർച്ച് ഓഫീസർ,ജില്ലാ പ്ലാനിംഗ് ഓഫീസ്,ആലപ്പുഴ)-യുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.1862/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/10/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന.ന.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/ധന.

3 09.12.2016-ലെ സ.ഉ(സാധാ) നം.3362/2016/തസ്വഭവ.

4 10.04.2018-ലെ സ.ഉ(സാധാ) നം.1019/2018/തസ്വഭവ

5 25.01.2019-ലെ സ.ഉ(സാധാ) നം.155/2019/തസ്വഭവ

6 20.10.2019-ലെ സ.ഉ(സാധാ) നം.2305/2019/തസ്വഭവ.

7 26.05.2020-ലെ സ.ഉ(സാധാ) നം.987/2020/തസ്വഭവ

8 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.08.2020-ലെ 11596/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസിലെ റിസർച്ച് ഓഫീസറായ ശ്രീമതി.റജീന.റ്റി.എം-നെ പരാമർശം(3)-ലെ സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ ഓഫീസിൽ അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4) (5) (6 (7) സർക്കാർ ഉത്തരവുകൾ പ്രകാരം ടിയാളുടെ അന്യത്രസേവനം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 31.03.2020 -ൽ അവസാനിച്ചതായും 01.04.2020 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (8) -ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.റജീന.റ്റി.എം-ന്റെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 01.04.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരികുമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി.റജീന.റ്റി.എം (മെമ്പർസെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്,

തിരുവനന്തപുരം

# File No.LSGD-IA1/230/2020-LSGD

മെമ്പർസെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ) കേരളം,തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) , കേരളം

തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ